(ഡി) ധനകാര്യ ഇൻസ്പെക്ടർ (നോൺ-ടെക്നിക്കൽ) വിംഗിന് അഞ്ചു സെക്ഷനുകൾ ഉണ്ട്. ജീവനക്കാരുടെ എണ്ണം താഴെ പറയും പ്രകാര മാണ്.

ജോയിന്റ് സെക്രട്ടറി	:	1
അണ്ടർ സെക്രട്ടറി	:	2
സെക്ഷൻ ആഫീസർ	:	5
അസിസ്റ്റന്റ്	:	10
ടൈപ്പിസ്റ്റ്	:	3
ശിപായി	:	3

ആകെ		24.
		===

4 (3330) സംസ്ഥാനത്തിന്റെ കടബാധ്യത കുറയ്ക്കുന്നതിനുള്ള നടപടി

ശ്രീ. എം.കെ. മുനീർ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി.കെ.കെ. ബാവ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും വാങ്ങിയ വായ്പകൾ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ തിരിച്ചട യ്ക്കാനുള്ള വായ്പാഗഡുക്കളും പലിശയും ചേർന്ന് ഓരോ വർഷവും എന്ത് തുക വേണ്ടിവന്നു എന്നറിയിക്കുമോ ;

(ബി) വായ്പ തിരിച്ചടയ്ക്കാൻ വേണ്ട വരുമാനം കാണാത്തതിനാൽ വീണ്ടും വായ്പയെടുത്ത് മുൻകടം തീർക്കുന്ന പ്രവണതകൊണ്ട് സംസ്ഥാന ത്തിന്റെ കടബാദ്ധ്യത ഓരോ വർഷവും കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

(സി) വായ്പാത്തുകകൾ ആദായകരമായ കാര്യങ്ങളിൽ മുടക്കി അതിൽ നിന്നും ലഭിക്കുന്ന തുകകൊണ്ട് കടബാധ്യത കുറയ്ക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാങ്ങിയ വായ്പകൾ.

1996-97	1162.96 കോടിരൂപ
1997-98	1514.96 കോടിരൂപ

(1998-99-ലെ അവസാന കണക്കുകൾ അക്കൗണ്ടന്റ് ജനറൽ പൂർത്തീ കരിച്ചിട്ടില്ല).

LIBRARY ARCHIVES Kerala Legislative Assembly

വായ്പാ ഗഡുക്കളും പലിശയും ചേർത്ത് ഓരോ വർഷവും തിരിച്ചടച്ച തുക

1996-97	1116.34 കോടിരൂപ
1997-98	1461.93 കോടിരൂപ

(1998-99-ലെ അവസാന കണക്കുകൾ അക്കൗണ്ടന്റ് ജനറൽ പൂർത്തീകരിച്ചിട്ടില്ല).

സർക്കാരിന്റെ റവന്യൂ വരുമാനത്തിലുള്ള കുറവുമൂലം വായ്പയെടുക്കുന്ന തുക വികസന പ്രവർത്തനങ്ങൾക്കും മൂലധന നിക്ഷേപങ്ങൾക്കായി ചെലവഴിക്കുന്നതിനുപുറമെ കടബാധ്യത തീർക്കുന്നതിനും ഉപയോഗിക്കേണ്ട അവസ്ഥ വളരെക്കാലമായി നിലനിന്നു വരുന്നതാണ്.

(സി) വിവിധ വകുപ്പുകളിലെ 'യൂസർ ചാർജ്ജുകൾ' വർദ്ധിപ്പിച്ച് വരുമാനം കൂട്ടുന്നതിനും നഷ്ടത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിച്ച് കൂടുതൽ ആദായകരമായ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

5 (3331) സിഗാർ, സിഗരറ്റ് എന്നിവയ്ക്കുള്ള ലക്ഷ്വറി ടാക്സ്

ശ്രീ. പി.ജെ. ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിഗാർ, സിഗരറ്റ് എന്നിവയ്ക്ക് ലക്ഷ്വറി ടാക്സ് നിലവിലുണ്ടോ; എങ്കിൽ എത്ര ശതമാനമാണ്;

(ബി) ഈ ടാക്സ് പിരിക്കുന്നത് ഏതുവിധത്തിലാണെന്നും എത്ര ശതമാനമാണെന്നും വിശദമാക്കുമോ;

(സി) വ്യാപാരികളിൽ നിന്നും ഈ ഇനത്തിൽ കഴിഞ്ഞ മൂന്നു വർഷങ്ങളിൽ പണം പിരിഞ്ഞുകിട്ടിയിട്ടുണ്ടോ;

(ഡി) ലക്ഷ്വറി ടാക്സിനെ സംബന്ധിച്ച് ഏതെങ്കിലും കേസ് കോടതിയിൽ ഉണ്ടായിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ;

(ഇ) ഇതു സംബന്ധിച്ച് കോടതിവിധി പ്രസ്താവിച്ചിട്ടുണ്ടെങ്കിൽ വിധിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) കോടതിവിധിമൂലം ലക്ഷ്വറി ടാക്സ് പിരിക്കുന്നതിന് വിലക്കു വന്നിട്ടുണ്ടോ;

(ജി) എങ്കിൽ ആ ഇനത്തിൽ ഉണ്ടാകുന്ന വരുമാന നഷ്ടം എത്രയാണ്?

ഉത്തരം

(എ)-(സി) ഇല്ല

(ഡി)&(ഇ) സിഗറ്റിനുമേൽ ലക്ഷ്വറി ടാക്സ് 1994-ൽ കേരളത്തിൽ ഏർപ്പെടുത്തിയതിന്റെ നിയമസാധുതയെ ഐ.റ്റി.സി.യും മറ്റു രണ്ടുപേരും ചേർന്ന് കേരളാ ഹൈക്കോടതിയിൽ ചോദ്യം ചെയ്തു. ടി കേസിൽ സിഗറ്റിനുമേൽ ലക്ഷ്വറി ടാക്സ് ഏർപ്പെടുത്താൻ സംസ്ഥാനങ്ങൾക്ക് അവകാശമുണ്ടെന്ന് കോടതി പ്രഖ്യാപിച്ചു. പക്ഷെ പ്രസ്തുത നിയമത്തിനു സാധുത

LIBRARY ARCHIVES Kerala Legislative Assembly